ഉത്തരം

(എ) പാലിയേറ്റീവ് പരിചരണ നയത്തിന് അനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കാവുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളിൽ മരുന്നുകൾ സ്ഥിരമായി കഴിക്കേണ്ടിവരുന്ന സാമ്പത്തിക ബുദ്ധിമുട്ടുള്ള രോഗികളെ തദ്ദേശഭരണ സ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് റഫർ ചെയ്യണമെന്നും ആവശ്യമെങ്കിൽ രോഗികൾ സ്ഥിരമായി കഴിക്കുന്ന മരുന്നുകളുടെ കാര്യത്തിൽ അവരെ സ്ഥിരമായി ചികിത്സിക്കുന്ന ഡോക്ടറുമായി ബന്ധപ്പെട്ട് പി.എച്ച്.സി. മുഖേന ആ മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് പി.എച്ച്.സിയിലെ ഡോക്ടർ തീരുമാനമെടുക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇങ്ങനെ നിശ്ചയിക്കുന്ന മരുന്നുകളിൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അവശ്യ മരുന്നുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട മരുന്നുകളും അവശ്യ മരുന്നുകളുടെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തേണ്ടതുണ്ടെന്ന് പാലിയേറ്റീവ് പരിചരണ നയത്തിന്റെ അനുബന്ധം-3-ൽ പ്രതിപാദിച്ചിട്ടുള്ള മരുന്നുകളും എ.പി.എൽ./ബി.പി.എൽ പരിഗണന കൂടാതെ എല്ലാ രോഗികൾക്കും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവശ്യ മരുന്നുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതായ വിലകൂടിയ മരുന്നുകൾ തദ്ദേശഭരണ സ്ഥാപനത്തിന് വാങ്ങി പ്രാഥമികാരോഗ്യകേന്ദ്രം മുഖേന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ രോഗികൾക്ക് മാത്രം നൽകാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ബി.പി.എൽ. പട്ടിക കുറ്റമറ്റതാണെന്ന് കരുതുന്നില്ല.

(സി) 2009 എപ്രിൽ-മേയ് മാസത്തിൽ നടന്ന സർവ്വേ മുഖേന ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെടാൻ സാദ്ധ്യതയുള്ള കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതാണ്.

(ഡി) അർഹതയുള്ള ഏതെങ്കിലും ഗുണഭോക്താവ് നിലവിലുള്ള ദാരിദ്ര്യ രേഖാ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യങ്ങൾ അനുവദിക്കാവുന്നതാണെന്ന നിർദ്ദേശം നിലവിലുണ്ട്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണം

138 (1898) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിൽ ഈ വർഷത്തെ പുരോഗതി വ്യക്തമാക്കുമോ ; ഈ വർഷം ഇതേവരെ എത്ര ശതമാനം പദ്ധതി നിർവ്വഹണം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യവർഷം മുതൽ തന്നെ പദ്ധതി നിർവ്വഹണം സാദ്ധ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2010-11-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ലഭ്യമാകുന്ന തനി തുക 2005,96,99,000 രൂപയാണ്. ഇതിൽ 2010 നവംബർ 30 വരെ 644,34,23,819 രൂപ ചെലവഴിച്ചു. ഇത് പദ്ധതി വിഹിതത്തിന്റെ 32.12% ആണ്.

(ബി&സി) സ്പിൽ ഓവർ പദ്ധതികൾ സാമ്പത്തിക വർഷം ആരംഭം മുതൽ തന്നെ നടപ്പിലാക്കുന്നതിനും മഴക്കാലത്തിന് മുമ്പ് പൂർത്തിയാക്കേണ്ട പ്രോജക്ടുകൾ ഒന്നാം ഘട്ടമായി അംഗീകാരം വാങ്ങി നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിനാൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം മുതൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഒന്നാംഘട്ട പ്രോജക്ടുകൾ യഥാസമയം ഡി.പി.സി.-യ്ക്ക് സമർപ്പിക്കാത്തതിനാൽ ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സാമ്പത്തിക വർഷാരംഭം മുതൽ പദ്ധതി നിർവ്വഹണം ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

പ്ലാൻ ഫണ്ടിൽ നിന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ച തുക

139 (1897) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷം പ്ലാൻ ഫണ്ടിൽ നിന്നും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്ത് തുക ലഭിച്ചു ;

(ബി) ഇതിൽ എന്ത് തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അലോട്ട് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(സി) ഇതിൽ എന്ത് തുക 1-12-2010 വരെ ചെലവ് ചെയ്തുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) പ്ലാൻ ഫണ്ടിൽ നിന്നും ലഭിച്ച തുകയിൽ എന്തു തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെലവ് ചെയ്യാതെ മറ്റ് അക്കൗണ്ടുകളിലേക്ക് മാറ്റേണ്ടി വന്നുവെന്ന് വിശദമാക്കുമോ ;

(ഇ) പ്ലാൻ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവ് ചെയ്യുന്നതിന് ഉണ്ടാകുന്ന കാലതാമസം എത്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(എഫ്) ഇത് പരിഹരിക്കുന്നതിന് സർക്കാർ നാളിതുവരെ എത്തെല്ലാം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ;

(ജി) സർക്കാരിന്റെ നിർദ്ദേശങ്ങൾ അവഗണിച്ച് പ്ലാൻ ഫണ്ട് മുഴുവൻ ചെലവാക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കെതിരെ സർക്കാർ നാളിതുവരെ എത്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly